**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1271** **10-10-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ നിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ചു. അപേക്ഷയിലും അനുബന്ധ Drawing -ലും ചില ന്യൂനതകൾ ഉണ്ടെന്ന് കണ്ടെത്തിയതിനാൽ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം കാര്യാലയത്തിലെ റോഡ് സേഫ്റ്റി വിഭാഗം ഉദ്യോഗസ്ഥർ 03.07.2024 തീയതിയിൽ നേരിട്ട് സ്ഥലപരിശോധന നടത്തുകയും ലഭ്യമായ വിശദാംശങ്ങളുടേയും സ്ഥല പരിശോധനയുടേയും അടിസ്ഥാനത്തിൽ റോഡ് സുരക്ഷ കണക്കിലെടുത്ത് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 03.06.2024 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള ഡ്രോയിങ്ങ് ഉൾപ്പെടെയുള്ള റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും അധികവിവരങ്ങൾ സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത സ്ഥലത്ത് റോഡ് മുറിച്ച് കടക്കുമ്പോളുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണത്തിലൂടെ സാധിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ